27.01.2024

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS’ WELFARE DEPARTMENT

# FARM INFORMATION BUREAU


Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/01/2024

1. സംസ്ഥാന കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ APEDA അംഗീകൃത ജൈവ സാക്ഷ്യപ്പെടുത്തൽ പദ്ധതി ഈ വർഷം മുതൽ ആരംഭിക്കുകയാണ്. കാർഷികോല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുമുള്ള പ്രധാന അതോറിറ്റിയാണ് അഗ്രികൾച്ചറൽ ആൻഡ് പ്രോസസ്സ്ഡ് ഫുഡ് പ്രോഡക്റ്റ്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (APEDA). അപ്പേഡാ അംഗീകരിച്ചിട്ടുള്ള NPOP സ്റ്റാൻഡേർഡ് പ്രകാരമുള്ള തേർഡ് പാർട്ടി സർട്ടിഫിക്കേഷൻ പദ്ധതിയ്ക്കാണ് കൃഷിവകുപ്പ് ആരംഭം കുറിച്ചിരിക്കുന്നത്. ഈ ത്രിവത്സര പദ്ധതി പ്രകാരം നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) ജൈവ സാക്ഷ്യപ്പെടുത്തലിനുള്ള നടപടിക്രമങ്ങൾക്കുള്ള ഫീസും, കർഷകന്റെ കൃഷിയിടം ജൈവവൽക്കരിക്കുന്നതിനുള്ള ചിലവുകളും കൃഷിവകുപ്പ് വഹിക്കുന്നതാണ്. ഇതിന് ആവശ്യമായ അപേക്ഷകൾ സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ വിഭാഗം കർഷകർക്കും ഉപയോഗപ്രദമായ ഈ പദ്ധതി സാക്ഷ്യപ്പെടുത്തിയ ജൈവ കാർഷിക ഉത്പന്നങ്ങൾക്ക് അധികമൂല്യം ലഭിക്കുന്നതിന് സഹായകരമാണ്. ജൈവ കാർഷിക ഉത്പന്നങ്ങൾക്ക് വമ്പിച്ച കയറ്റുമതി സാധ്യതകൾ തുറന്നു കൊടുക്കുന്ന ഈ പദ്ധതിയിൽ കൃഷിഭവൻ മുഖാന്തിരം കർഷകർക്ക് അംഗങ്ങളാകാവുന്നതാണെന്ന് കൃഷി ഡയറക്ടർ അറിയിച്ചു.

2. തൃശൂർ ജില്ലയിലെ കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ ടിഷ്യുകൾച്ചർ വാഴ തൈകളായ നേന്ത്രൻ, റോബസ്റ്റ, യങ്ങാമ്പി, പോപൗലു, ഗ്രാൻഡ് നയൻ എന്നീ




ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇനങ്ങളിൽപ്പെട്ട വാഴ തൈകൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 7306708234 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷനും കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തും, കൃഷി വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന കാർഷിക യന്ത്രങ്ങളുടെ അറ്റ കുറ്റപ്പണി ക്യാമ്പ് ഫെബ്രുവരി 13 വരെ ചാത്തമംഗലം കൃഷി ഭവനിൽ നടക്കുന്നു. ഇരുപത് ദിവസം നീണ്ടുനിൽക്കുന്ന ക്യാമ്പിൽ കർഷകരുടെ കേടുപാടായ എല്ലാ കാർഷിക യന്ത്രങ്ങളും സൗജന്യമായി അറ്റകുറ്റപ്പണി ചെയ്യും. എന്നാൽ ഏതെങ്കിലും സ്പെയർ പാർട്സുകൾ ആവശ്യമായി വന്നാൽ ആ തുക കർഷകരിൽ നിന്ന് ഈടാക്കും. മൊബൈൽ അഗ്രോ മെഷിനറി റിപ്പയർ യൂണിറ്റിന്റെ സേവനവും ലഭ്യമാണ്. വിശദ വിവരങ്ങൾക്കായി അതാത് കൃഷി ഭവനുകളുമായോ, 9497009673 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

4. ജൈവകർഷകർക്കുള്ള അക്ഷയശ്രീ അവാർഡ് 2023ന് അപേക്ഷ ക്ഷണിച്ചു. മൂന്നുവർഷത്തിനുമേൽ ജൈവ കൃഷി ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. സംസ്ഥാന തലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് 2 ലക്ഷം രൂപയും ജില്ലാതലത്തിൽ അമ്പതിനായിരം രൂപ വീതമുള്ള 13 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ് വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകൾക്കായി പതിനായിരം രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളും ഉണ്ടായിരിക്കും. അപേക്ഷകൾ 2024 ജനുവരി 31നു മുൻപായി ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കെ വി ദയാൽ, അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി. ഓ., ആലപ്പുഴ 688525 എന്ന വിലാസത്തിലോ 9447114526 ഫോൺ നമ്പറിലോ ബന്ധപ്പെടുക.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന കാർഷിക കോളേജിലെ സോയിൽ സയൻസ് & അഗ്രികൾച്ചറൽ കെമിസ്ട്രി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറിന്റെ (കരാർ നിയമനം) താൽക്കാലിക ഒഴിവുണ്ട്. യോഗ്യതകൾ സംബന്ധിച്ച വിവരം വെബ്സൈറ്റിൽ ലഭ്യമാണ്. നിർദിഷ്ട യോഗ്യതകൾ ഉള്ളവർക്ക് 03.02. 2024ന് രാവിലെ 10 മണിക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻ ഇൻറർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് www.kau.in,www.cohvka.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 0487 2438302 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

6. ഇടുക്കി, വയനാട് ജില്ലകളിലെ ഏലം കർഷകർക്ക് കാർഡമം രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലയളവ് 2024 മാർച്ച് 31 വരെ ദീർഘിപ്പിച്ചു. കാർഡമം രജിസ്ട്രേഷൻ ആവശ്യമുള്ളവർ നിശ്ചിതഫോമിൽ അപേക്ഷയും, ആധാർ, കരം അടച്ച രസീത്, ആധാരം എന്നിവയുടെ കോപ്പിയുമായി വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**പരിശീലന പരിപാടി**

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) മോളിക്യുലാർ ബയോളജി & ബയോടെക്നോളജി ടെക്നിക്സിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ 2024 ഫെബ്രുവരി മാസം ആരംഭിക്കുന്ന കോഴ്സിന്റെ കാലാവധി മൂന്നു മാസമാണ്. കോഴ്സിൽ പങ്കെടുക്കാവുന്നവരുടെ എണ്ണം പതിനഞ്ചായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും ജീവശാസ്ത്രശാഖകളിൽ ബിരുദമോ ബിരുദാനന്തരബിരുദമോ ഉള്ളവർ, ഗവേഷകർ, മോളിക്യുലാർ ബയോളജിയുമായോ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബയോടെക്നോളജിയുമായോ ബന്ധപ്പെട്ട മേഖലകളിൽ ജോലികളിൽ ഏർപ്പെടാൻ താൽപര്യമുള്ളവർ തുടങ്ങിയവർക്കെല്ലാം കോഴ്സിൽ ചേരാം. അപേക്ഷ ഫെബ്രുവരി 01-ന് മുമ്പായി നൽകണം. വിജയകരമായി കോഴ്സ് പൂർത്തീകരിക്കുന്നവർക്ക് അനുബന്ധമേഖലകളിൽ ഗവേഷണം നടത്തുന്നതിനും തൊഴിലുകൾ ചെയ്യുന്നതിനും ആവശ്യമായ കഴിവ് ആർജിക്കാൻ കഴിയും. കോഴ്സ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 0481 2351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇ-മെയിൽ: training@rubberboard.org.in

8. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "കൂൺ കൃഷി" എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി ഫെബ്രുവരി 2 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ ഫെബ്രുവരി 1 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്ക് വഴി കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് ഫെബ്രുവരി 2 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.